**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1858** **11-10-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേക്ക് മാറ്റാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിഞ്ഞ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിവുള്ള സ്ഥലത്തേക്ക് പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് മാറ്റി സജ്ജീകരിക്കുന്നതിന് 50 ലക്ഷം രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം പയ്യന്നൂർ സിവിൽ സ്റ്റേഷനിൽ നിന്നും താലൂക്ക് ഓഫീസ് സമുച്ചയം മറ്റൊരു കെട്ടിടത്തിലേക്ക് മാറുമ്പോൾ ഒഴിവ് വരുന്ന സിവിൽ സ്റ്റേഷനിലെ മുറികൾ, പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്നതിനായി കണ്ണൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.<br><br>ഇത് സംബന്ധിച്ച് സ്ഥിരീകരണം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ